പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 139. 18-03-2013 -ൽ മറുപടിക്ക്.

## ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) | 945 നാർക്കോട്ടിക് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ടോ; അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത്; | (ബി) | ഇടുക്കി ജില്ലയിലെ തൊടുപുഴയിലും, കോഴിക്കോട് ജില്ലയിലെ വടകരയിലും എൻ.ഡി.പി.എസ്. കോടതികൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ലഹരി വസ്തുക്കളുടെ ഉപയോഗം യുവാക്കൾക്കിടയിൽ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് കൂടുതൽ പ്രത്യേക കോടതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; | (സി) | ഇക്കാര്യം, ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിന്, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ബോർഡർ പട്രോളിംഗ്, രാത്രികാല പട്രോളിംഗ്, വാഹന പരിശോധന എന്നിവയും, രഹസ്യാന്വേഷണവും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നതോടൊപ്പം, പാൻ പരാഗ്, പാൻ മസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വില്പന നിരോധിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ